"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ മനിഞ്ച കുളത്തിന്റെ പുനരുദ്ധാരണം-എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.235/2024/WRD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-
1. സ.ഉ(സാധാ) നം.974/2017/ജവിവ, തീയതി, തിരുവനന്തപുരം, 01/12/2017
2. സ.ഉ (സാധാ) നം.138/2019/ജവിവ, തീയതി, തിരുവനന്തപുരം, 02/03/2019
3. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 03/12/2023 തീയതിയിലെ CEIA/6226/2023(W6)

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം "Rejuvenation of pond at Mulinja in Manjeshwar Grama Panchayath" എന്ന പ്രവൃത്തിയ്ക്ക് 2017-18 സാമ്പത്തിക വർഷത്തെ Renovation of Tanks & Ponds under Haritha Keralam എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 1,70,000/- രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം "Renovation of Pond at Mulinja in Manjeshwar Grama Panchayath" എന്ന പ്രവൃത്തിയുടെ പേരിൽ തിരുത്തൽ വരുത്തി "Renovation of Pond at Maninja in Manjeshwar Grama Panchayath" എന്നാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ മനിഞ്ച കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി നടത്തിപ്പിനുള്ള സമ്മതപത്രം ഉടമസ്ഥാവകാശമുള്ള ശ്രീ.അബ്ദുൾസലാം എന്ന വ്യക്തി നല്കിയിരുന്നുവെങ്കിലും ടിയാന്റെ സഹോദരങ്ങൾക്കു കൂടി അവകാശമുള്ളതിനാൽ പുനരുദ്ധാരണത്തിന് കുളം വിട്ടുനല്കുന്നതിൽ അവർ വിസമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കില്ലായെന്നും അതിനാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്ത് PWD Revised Manual 2021 Clause 2115 പ്രകാരം 29/12/2022-ൽ ഫോർക്ലോസ് എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ മനിഞ്ച കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി റദ്ദ് ചെയ്യണമെന്നും പരാമർശം (3) പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ "Renovation of Pond at Maninja in Manjeswar Grama Panchayath" , Kasargodu District എന്ന പ്രവൃത്തിക്ക് പരാമർശം (1) സർക്കാർ ഉത്തരവിലെ കാസർകോഡ് ജില്ല- ക്രമനമ്പർ 6 പ്രകാരം നൽകിയിരുന്ന ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA K
ജോയിന്റ് സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ),തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ.ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (നം. 1086166/Agri-A1/26/2019-FIN dtd 24.02.2024)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Aniletha G
സെക്ഷൻ ഓഫീസർ
Date: 13-03-2024 17:40:43